<u>ഭരണഭാഷ-മാതൃഭാഷ</u>

ഹയർസെക്കന്ററിഡയറക്ടറുടെ
കാര്യാലയം,ഹൗസിംഗ്ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ
തിരുവനന്തപുരം
തീയതി: 14/08/2018

**സി.ജി.എ.സി/77361/2018/ഡി.എച്ച്.എസ്.ഇ**

# സർക്കുലർ

വിഷയം:- ഹയർ സെക്കന്ററി വിദ്യാഭ്യാസം -സി. ജി.&എസി. സൗഹൃദ ക്ലബുകളുടെ മേൽനോട്ടത്തിൽ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കുന്നത് സംബന്ധിച്ച് -

പ്രകൃതി ദുരന്ത പ്രദേശങ്ങളിലെ സ്കൂൾ പ്രവർത്തനം തടസ്സപ്പെട്ടിട്ടുള്ളതും, ചില സ്കൂളുകളിൽ ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിച്ച് വരുന്നതുമാണ്. ദുരിതാശ്വാസ ക്യാമ്പുകളിലായതിനാൽ പഠനമുണ്ടായിരുന്നിട്ടും വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ എത്തിച്ചേരാൻ കഴിയാത്ത സാഹചര്യമുള്ളതായും അറിയാൻ കഴിയുന്നു. പുസ്തകങ്ങൾ മുഴുവൻ നഷ്ടപ്പെടുന്നതും പഠന സാഹചര്യംതന്നെ ഇല്ലാതാകുന്നതും വിദ്യാർത്ഥികൾക്ക് കടുത്ത മാനസികാഘാതത്തിന് ഇട നൽകുന്നതാണ്. ഇത്തരം വിദ്യാർത്ഥികൾക്കുണ്ടാകാവുന്ന മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിന് ആവശ്യമായ നടപടികൾ സൗഹൃദാക്ലബ് പ്രവർത്തകർ കൈകൊള്ളേണ്ടതായിട്ടുണ്ട്. ആയതിനാൽ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് ക്യാമ്പുകളിൽ കഴിയുന്ന വിദ്യാർത്ഥികളുമായി സംവദിച്ച് അവർക്ക് ആവശ്യമായ മാനസിക പിന്തുണ നൽകേണ്ടതാണ്. മാനസിക സമ്മർദ്ദമുള്ള വിദ്യാർത്ഥകൾ ഉണ്ടെങ്കിൽ നിംഹാൻസ് ബാംഗ്ലൂർ, ചൈൽഡ് ഡവലപ്മെന്റ് സെന്റർ തിരുവനന്തപുരം എന്നിവിടങ്ങളിൽ നിന്ന് വിദഗ്ദ്ധ പരിശീലനം ലഭിച്ച സൗഹൃദ അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും കൗൺസിലിംഗും നൽകേണ്ടതാണ്.

ആഗസ്റ്റ് 15,18 തിയതികളിൽ പ്രകൃതി ദുരന്തമുണ്ടായ സ്ഥലങ്ങളിലെ വിദ്യാഭ്യാസ ജില്ലാ കൺവീനർമാരുടെ നേതൃത്വത്തിൽ ആ മേഖലയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ സൗഹൃദ അദ്ധ്യാപകർ വിദഗ്ദ്ധ പരിശീലനം ലഭിച്ച കോ-ഓർഡിനേറ്റർമാർ എന്നിവർ മേഖലയിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് ഇതിനായി ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഒപ്പ്

ഡയറക്ടർ